# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
(ഹാജർ : ശ്രീമതി റ്റി.വി അനുപമ.ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ് - എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്- കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിയോഗിച്ച എഡ്യൂക്കേറ്ററുടെ 2021 മാർച്ച് മാസത്തെ ഹോണറേറിയം അനുവദിച്ചു ഉത്തരവാകുന്നു.

പരാമർശം : (1) 02/10/2020-ലെ G.O.(Rt) No. 522/2020/SJD നമ്പർ സർക്കാർ ഉത്തരവ്.
(2) ഈ കാര്യാലയത്തിൽ നിന്നുള്ള 13/10/2020-ലെ ഇതേ നമ്പർ ഉത്തരവ്.
(3) ഈ കാര്യാലയത്തിൽ നിന്നുള്ള 07/02/2021-ലെ ഇതേ നമ്പർ ഉത്തരവ്.
(4) എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന്റെ 17/04/2021-ലെ CHE/75/2020 നമ്പർ കത്ത്

## ഉത്തരവ് നമ്പർ : ICPS 2/1689/2020 തീയതി : 06/05/2021

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷം 16 ചിൽഡ്രൻസ് ഹോമുകളിലും പ്രതിമാസം പരമാവധി 10,000/-രൂപ ഹോണറേറിയം നിരക്കിൽ 2020 ആഗസ്റ്റ് മുതൽ 2021 മാർച്ച് വരെ പ്രതിമാസം 10,000/-രൂപ നിരക്കിൽ 12,80,000/-രൂപ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-36 (P) 02-യിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഈ കാര്യാലയത്തിൽ നിന്നുള്ള പരാമർശം രണ്ട് ഉത്തരവ് പ്രകാരം 2020 ആഗസ്റ്റ് മുതൽ 2020 ഡിസംബർ വരെ 5 മാസത്തേയ്ക്ക് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ചിൽഡ്രൻസ് ഹോമുകൾക്ക് (എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് ഉൾപ്പെടെ) ആവശ്യമായി വരുന്ന തുകയായ 8,00,000/-രൂപ മേൽപ്പറഞ്ഞ ഹെഡിൽ നിന്നും അഡ്വാൻസായി അനുവദിച്ചിരുന്നു. പരാമർശം മൂന്ന് പ്രകാരം എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിൽ നിയോഗിച്ചിരിക്കുന്ന എഡ്യൂക്കേറ്ററുടെ 2021 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ഹോണറേറിയം തുകയായ 17,667/-രൂപ പരാമർശം രണ്ട് ഉത്തരവ് പ്രകാരം ഈ കാര്യാലയത്തിൽ നിന്നും അനുവദിച്ചിരുന്നു.

പരാമർശം നാല് പ്രകാരം 2021 മാർച്ച് മാസത്തെ എഡ്യൂക്കേറ്റർ ഹോണറേറിയം തുകയായ 10,000/-രൂപ കൂടി അനുവദിക്കണമെന്ന് ഇതുവരെ എഡ്യൂക്കേറ്റർ ഹോണറേറിയം ഇനത്തിൽ അനുവദിച്ച തുകയുടെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, യൂട്ടിലസേഷൻ സർട്ടിഫിക്കേറ്റ് എന്നിവ സഹിതം സ്ഥാപന സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നു.

PTO

ടി സാഹചര്യത്തിൽ സൂപ്രണ്ടിൻെറ അപേക്ഷ പരിഗണിച്ച് എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി 2020-21 സാമ്പത്തിക വർഷം സ്ഥാപനത്തിൽ നിയോഗിച്ച എഡ്യൂക്കേറ്ററുടെ 2021 മാർച്ച് മാസത്തെ ഹോണറേറിയം തുകയായ 10,000/-രൂപ (പതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (10,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-36 (P) 02-യിൽ നിന്നും എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക എറണാകുളം കാക്കനാട് ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ട് പ്രസ്തുത തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപ്പറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർ
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
എറണാകുളം

പകർപ്പ്

1) സൂപ്രണ്ട്
ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്
കാക്കനാട്, എറണാകുളം
2) സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
(അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
3) ഐ.സി.പി.എസ്-4
(എക്സ്പെൻഡിച്ചർ രജിസ്റ്ററിൽ
ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
4) സ്റ്റോക്ക് ഫയൽ
5) സ്പെയർ കോപ്പി

ഉത്തരവിൻപ്രകാരം

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM - 12
WOMEN & CHILD DEVELOPMENT DEPARTMENT

പ്രോഗ്രാം മാനേജർ